II ഇ.ബി.XIV-കേരള നിയമസഭ/V-8

## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 മേയ് 8, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

25(*241) വിദ്യാഭ്യാസ അവകാശ നിയമം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടിയിൽ, 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരം പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കുട്ടിയുടെ താമസസ്ഥലത്തുനിന്നും അടുത്തുള്ള സ്കൂളിലേയ്ക്കുള്ള അകലം, വാഹന സൗകര്യം തുടങ്ങിയവ പരിഗണിച്ച് സ്കൂൾ മാപ്പിംഗ് ശാസ്ത്രീയമായി പുനർ നിർണ്ണയിക്കുന്നതിന് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഇതിനായി എസ്.എസ്.എ. വഴി ധനസഹായം ലഭിക്കുന്നുണ്ടെന്നും സംസ്ഥാനത്തെ സർക്കാർ

സ്കൂളുകളിൽ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളും എയ്ഡഡ് സ്കൂളുകളിൽ സ്കൂൾ ഡെവലപ്മെന്റ് മാനേജ്മെന്റ് കമ്മിറ്റികളും പി.റ്റി.എ.-കളും ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. പൊതുവിദ്യാലയങ്ങളെ ശാക്തീകരിച്ചുകൊണ്ട് സാമൂഹിക-സാംസ്കാരിക-മതനിരപേക്ഷ ജനാധിപത്യ വിദ്യാഭ്യാസത്തിന് പശ്ചാത്തലമൊരുക്കുമെന്നും 141 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും അദ്ധ്യാപകരുടെ അക്കാഡമിക് നിലവാരം മെച്ചപ്പെടുത്തുന്നതിനായി മൊഡ്യൂളുകളും പ്രോഗ്രാമുകളും ഇന്റഗ്രേറ്റ് ചെയ്തുകൊണ്ടുള്ള പരിശീലന പരിപാടികളും ഗണിതശാസ്ത്ര പഠനം സുഗമമാക്കുന്നതിനായി എസ്.എസ്.എ.-യിലൂടെ ഗണിതോത്സവം, ബ്രയിൻസ്റ്റോമിംഗ് സെഷൻ എന്നിവയും സംഘടിപ്പിക്കുമെന്നും കുട്ടികൾക്കാവശ്യമായ പാഠപുസ്തകങ്ങളും യൂണിഫോമും സമയബന്ധിതമായി സ്കൂളുകളിൽ എത്തിക്കുമെന്നും അദ്ധ്യാപക പരിശീലന പരിപാടികൾ റിവ്യൂ ചെയ്ത് പോരായ്മ പരിഹരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. പ്രൈമറി സ്കൂളുകളുടെ ഭൗതിക സാഹചര്യം വികസിപ്പിക്കുന്നതോടൊപ്പം പരിശീലനം സിദ്ധിച്ച അദ്ധ്യാപകരുടെ സേവനം ഉറപ്പാക്കുമെന്നും ആർ.എം.എസ്.എ. സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമേ ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ നടത്തുകയുള്ളൂവെന്നും

ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

26(*242) <u>ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എസ്.സി.ഇ.ആർ.ടി., ഐ.റ്റി @ സ്കൂൾ, സീമാറ്റ്, ഡയറ്റ്, ആർ.എം.എസ്.എ., എസ്.എസ്.എ. എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനതല ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ടെന്നും ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തുന്നതിനായി 'ഹലോ ഇംഗ്ലീഷ്' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസ്സുകളിലെ അദ്ധ്യാപകർക്ക് പരിശീലനത്തിലൂടെ നൂതനമായ പഠന ബോധന തന്ത്രങ്ങൾ വ്യാപിപ്പിക്കുന്നതാണെന്നും കമ്പ്യൂട്ടർ സാങ്കേതിക വിദ്യയുടെ സഹായത്തോടെ പഠനം ഫലപ്രദമാക്കുന്നതിന് ഇ-കണ്ടന്റ് വികസിപ്പിക്കാനുള്ള പദ്ധതികൾ പുരോഗമിച്ചുവരുന്നുവെന്നും ഇതിനായി ഐ.റ്റി. @ സ്കൂൾ ഒരു പോർട്ടലിന് രൂപം നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഓട്ടിസം ബാധിച്ച കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി ഓരോ മണ്ഡലത്തിലും 'ഓട്ടിസം പാർക്ക് ' നിർമ്മിക്കുന്നതാണ്. പഠനത്തോടൊപ്പം കുട്ടികളുടെ സർഗ്ഗപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി കരിക്കുലം കമ്മിറ്റികൾക്കുപുറമെ 'ടാലന്റ് ലാബ്' എന്ന നൂതന ആശയത്തിന് രൂപം

നൽകിയിട്ടുണ്ടെന്നും സംസ്ഥാനത്തെ പ്രീ പ്രൈമറി മേഖലയിലെ പശ്ചാത്തല സൗകര്യ വികസനത്തെപ്പറ്റി പഠിക്കുന്നതിന് എസ്.സി.ഇ.ആർ.ടി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ ശാസ്ത്രീയമായ മാറ്റങ്ങൾ വരുത്തുമെന്നും മന്ത്രി വ്യക്തമാക്കി. മാനദണ്ഡങ്ങൾക്ക് വിധേയമായി അദ്ധ്യയന വർഷം ആരംഭിക്കുന്നതിനുമുമ്പ് അദ്ധ്യാപകരുടെ ട്രാൻസ്ഫർ നടപടികൾ പൂർത്തീകരിക്കുമെന്നും ആർ.എം.എസ്.എ. സ്കൂളുകളിൽ പോസ്റ്റ് ക്രിയേഷൻ നടത്തുന്നതോടൊപ്പം നിലവിലുള്ള അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

27(*243) <u>റവന്യൂ വകുപ്പിനെ അഴിമതി വിമുക്തമാക്കുവാൻ നടപടി</u>

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) നൽകിയ മറുപടിയിൽ, 'Service at finger tips' എന്ന ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗത്തിലൂടെ അഴിമതി പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുന്നതാണെന്നും നിയമങ്ങളും ചട്ടങ്ങളും കാലോചിതമായി പരിഷ്കരിച്ച് ഓഫീസ് പ്രവർത്തനം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടെന്നും അനഭിലഷണീയമായ പ്രവണതകൾ തടയുന്നതിനും കാര്യക്ഷമമായ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നതിനുമായി മൂന്ന് വിജിലൻസ് ഡെപ്യൂട്ടി കളക്ടർ കാര്യാലയങ്ങൾ ഫലപ്രദമായി ഇടപെടൽ നടത്തുന്നുണ്ടെന്നും സഭയെ

അറിയിച്ചു. എല്ലാ ജില്ലാ കളക്ടറേറ്റുകളിലേയും പരിശോധനാ സംഘത്തിന് വിജിലൻസിന്റെ അധികാരം നൽകി സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ & വിജിലൻസ് വിഭാഗമായി പ്രവർത്തിച്ചുവരുന്നുണ്ടെന്നും ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലെ ഇൻസ്പെക്ഷൻ & ഓഡിറ്റ് വിഭാഗം സബ് ഓഫീസുകളിൽ നിരന്തരമായി പരിശോധന നടത്തുന്നുണ്ടെന്നും അഴിമതി സംബന്ധിച്ച വിവരങ്ങൾ ഉന്നത ഉദ്യോഗസ്ഥർ മുതൽ മന്ത്രിമാരെ വരെ നേരിട്ട് അറിയിക്കുന്നതിന് പൊതുജനങ്ങൾക്ക് സൗകര്യമൊരുക്കിയിട്ടുണ്ടെന്നും ഇങ്ങനെ ലഭിക്കുന്ന പരാതികൾക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. 1957-ലെ ലാന്റ് കൺസർവൻസി ആക്ടനുസരിച്ച് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. വില്ലേജ്-താലൂക്ക് ഓഫീസുകളിൽ ഇടനിലക്കാരെ ഒഴിവാക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ ഏകദിന മിന്നൽ പരിശോധന നടത്തുന്നതിനും ഓഫീസുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനും ഡിജിറ്റൈസ് സംവിധാനം ഏർപ്പെടുത്തുന്നതിനും പൊതുജനങ്ങളോട് മാന്യമായി ഇടപെടുന്നതിനാവശ്യമായ പരിശീലനം ജീവനക്കാർക്ക് നൽകുന്നതിനും നടപടി സ്വീകരിക്കുമെന്ന് മന്ത്രി അറിയിച്ചു. കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് ഇൻസ്പെക്ഷൻ

നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും 54 പേരെ സസ്പെന്റ് ചെയ്യുകയും 130 പേർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും തൃശ്ശൂർ ജില്ലയിൽ ദീർഘകാലമായി ഭൂമി കൈവശംവച്ചനുഭവിക്കുന്ന ആളുകൾക്ക് പട്ടയം നൽകുന്നതിനും വിവിധ ഓഫീസുകളിൽ ആവശ്യാനുസരണം സ്റ്റാഫിനെ നിയമിക്കുന്നതിനും മാനന്തവാടി താലൂക്കിലെ കാട്ടിക്കുളം എസ്റ്റേറ്റിൽ 221 ഏക്കർ ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ സാധിച്ചുവെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

28(*244) <u>ഇ-സ്റ്റാമ്പിംഗ് സംവിധാനം</u>

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, ട്രഷറി വകുപ്പിന്റെയും നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെയും സംയുക്ത സഹകരണത്തോടെ ആധാര രജിസ്ട്രേഷനുകൾക്ക് ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുന്നതിനാവശ്യമായ ഓൺലൈൻ സംവിധാനത്തിന് രൂപകൽപ്പന നൽകി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. രജിസ്ട്രേഷൻ ഓഫീസുകളിലെ അഴിമതി അവസാനിപ്പിക്കുന്നതിനും ആധുനികവത്കരണം സാദ്ധ്യമാക്കുന്നതിനുമായി ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടെന്നും വെണ്ടർമാരും ആധാരമെഴുത്തുകാരും നേരിടുന്ന തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ ഗവൺമെന്റ് സന്നദ്ധമാണെന്നും മന്ത്രി

വ്യക്തമാക്കി. ഇ-സ്റ്റാമ്പിംഗ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 'എനിവെയർ രജിസ്ട്രേഷൻ സ്കീം' പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കുമെന്നും ആധുനിക സാങ്കേതിക വിദ്യ നടപ്പിലാക്കുമ്പോൾ വെണ്ടർമാർക്ക് നിയമാനുസൃതമായ ആനുകൂല്യങ്ങൾ നൽകുമെന്നും ഉപചോദ്യങ്ങൾക്കു മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2235 മുതൽ 2557 വരെയുള്ള ചോദ്യങ്ങളിൽ 153 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)